(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും മതിയായ ഭൗതിക സുരക്ഷിതത്വം പ്രദാനം ചെയ്യുന്ന ഭവനങ്ങൾ നിർമ്മിച്ചു നൽകുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

(സി) സംസ്ഥാനത്തുള്ള ഭവനരഹിതരായ മുഴുവൻ പട്ടികവർഗ്ഗക്കാർക്കും ഭവനനിർമ്മാണം നടത്തുന്നതിനായി ജനറൽ ഹൗസിംഗ് പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി, അഡീഷണൽ ടൈബൽ സബ്പ്ലാൻ ഉപയോഗിച്ചുള്ള ഭവന പദ്ധതി എന്നിവയിലൂടെയും ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ഐ.എ.വൈ. പദ്ധതിയിലൂടെയും 30106 വീടുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനം

274 (641) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പാലക്കാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിനായി ബഹു. മന്ത്രിയുടെ നിയമസഭാ സമുച്ചയത്തിലെ ചേംബറിൽ 17-12-2014-ൽ ചേർന്ന യോഗത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ ;

(ബി) ഇക്കാര്യത്തിൽ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് പ്രസ്തുത യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാൻ പാലക്കാട് പട്ടികവർഗ്ഗ വികസന ഓഫീസർ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ ;

(സി) പ്രസ്തുത യോഗം കഴിഞ്ഞിട്ട് 11 മാസങ്ങൾ പിന്നിട്ടിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്ത, കൃത്യനിർവ്വഹണത്തിൽ വീഴ്ച വന്നിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) നാളിതുവരെ ഒരു പുരോഗതി വിവരം പോലും നൽകിയിട്ടില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ അടിയന്തിരമായി നടപടി സ്വീകരിച്ച് വിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) പാലക്കാട് പാമ്പൻതോട് പട്ടികവർഗ്ഗ കോളനിയുടെ സമഗ്ര വികസനത്തിന്റെ ഭാഗമായി അഡീഷണൽ ട്രൈബൽ സബ്പ്ലാൻ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 16 പേർക്ക് വീടനുവദിച്ചു. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി ഈ കോളനിയിൽ റോഡ് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കോളനിയുടെ ചുറ്റും ഫെൻസിംഗ് ചെയ്യുന്നതിന് മണ്ണാർക്കാട് ഡി.എഫ്.ഒ. വഴി നടപടി സ്വീകരിച്ചുവരുന്നു. വനം വകുപ്പ്, എക്സൈസ്, ആരോഗ്യം, പഞ്ചായത്ത് എന്നീ വകുപ്പുകളുടെ സാന്നിദ്ധ്യത്തിൽ മദ്യം, മയക്കുമരുന്ന് ഉപയോഗത്തിനെതിരെയും ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ നടത്തിയിട്ടുണ്ട്. ടി കോളനിയിലെ കുട്ടികൾക്കായി ഗോത്ര സാരഥി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. കോളനിയിലുള്ള 19 പേർക്ക് ചികിത്സാ ധനസഹായം ഇനത്തിൽ 20,500 രൂപ അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഈ കാര്യത്തിൽ പാലക്കാട് പട്ടികവർഗ്ഗ വികസന ഓഫീസിൽ നിന്നും വീഴ്ച വരുത്തിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പുരോഗതി വിവരം നൽകുന്നതിൽ വീഴ്ച സംഭവിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്നേഹസ്പർശം പദ്ധതി

275 (642) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും, കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവിവാഹിതരായ അമ്മമാർക്ക് തിരുനെല്ലിയിൽ സ്നേഹസ്പർശം പദ്ധതി വഴി പെൻഷൻ ലഭിക്കാത്തത് എന്തുകൊണ്ട് ;

(ബി) ഇതിന് ഉത്തരവാദി ആരാണ് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) തിരുനെല്ലിയിൽ അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം പദ്ധതി വഴി പെൻഷൻ ലഭിക്കുന്നതിനുള്ള അപേക്ഷകൾ ഒന്നും ലഭിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly